**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 83** **30-06-2022 - ൽ മറുപടിയ്ക്ക്**

**ബഫർ സോൺ നിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ്** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | പരിസ്ഥിതി ലോല പ്രദേശങ്ങൾക്ക് സമീപമുള്ള ബഫർ സോൺ നിർണ്ണയം സംബന്ധിച്ച സുപ്രീം കോടതി വിധി ജനവാസ മേഖലകളിൽ ഉയർത്തുന്ന ആശങ്കകൾ അകറ്റുവാൻ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | (എ) | ബഹു.സുപ്രീം കോടതിയുടെ 03-06-2022-ലെ വിധി സംസ്ഥാനത്തെ എങ്ങനെയെല്ലാം ബാധിക്കുമെന്ന കാര്യം പരിശോധിക്കുന്നതിനായി വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-22-ന് അഡ്വക്കേറ്റ് ജനറൽ, സുപ്രീം കോടതിയിലെ സ്റ്റാൻറിംഗ് കൗൺസൽ, ഉന്നത ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം ചേരുകയും, ബഹു.സുപ്രീം കോടതിയുടെ ഉത്തരവിന്മേൽ, റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ, കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും, ബഹു.സുപ്രീം കോടതിയെയും ബോദ്ധ്യപ്പെടുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. കൂടാതെ സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോ മീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും, നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റിവ് സോൺ പ്രൊപ്പോസലുകൾ, ബഹു.സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു. അപ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്രസർക്കാരിനും കത്തയച്ചിട്ടുമുണ്ട്.<br><br>ടി യോഗ തീരുമാന പ്രകാരം, ഒരു കിലോ മീറ്റർ ഇക്കോ സെൻസിറ്റിവ് സോണിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ ജനവാസകേന്ദ്രങ്ങൾ, |

| | | | |
|---|---|---|---|
| | | | വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ട് സംസ്ഥാനം നേരത്തെ സമർപ്പിച്ച പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട്, ബഹു. സുപ്രീം കോടതി ഉത്തരവിലെ ഖണ്ഡിക 44(f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹു.സുപ്രീം കോടതിയെയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേക്ക് കത്ത് അയക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ